# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

W 6-11876/16

തീയതി - 25/9/2021

**സർക്കുലർ നമ്പർ - 26/ 2021-22**

വിഷയം :- പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന തൊഴിലാളികളുടെ മക്കൾക്ക് അനുവദിച്ചു വരുന്ന വിദ്യാഭ്യാസ വായ്പ, നിശ്ചിത തുക പരിധിയ്ക്കകത്തുള്ള ലാപ് ടോപ് വാങ്ങുന്നതിനും കൂടി നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :- 1. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്.

2. 22/7/2021 തീയതിയിലെ തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പിന്റെ എച്ച്3/98/2021 തൊഴിൽ നമ്പർ കത്ത്.

3. 23/1/2021ലെ സർക്കുലർ നമ്പർ 36/2020-21.

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന് കീഴിലെ അൺ-അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ മക്കളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് (മെഡിക്കൽ, എഞ്ചിനീയറിംഗ്, ബിരുദാനന്തര ബിരുദം) പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്ക്, സൂചന (3) പ്രകാരം 50,000/- രൂപ 6% പലിശ നിരക്കിൽ അനുവദിച്ചു വരുന്നുണ്ട്. സൂചന (1) പ്രകാരം പ്രസ്തുത വായ്പ, നിശ്ചിത തുക പരിധിയിലുള്ള ലാപ് ടോപ് വാങ്ങുന്നതിനും കൂടി നൽകുന്നതിനുള്ള അനുമതി ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ താഴെപ്പറയുന്ന വ്യവസ്ഥകളോടെ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

തൊഴിലാളിക്ക് വിദ്യാഭ്യാസ വായ്പ അനുവദിക്കുമ്പോൾ നിലവിൽ വിവിധോദ്ദേശ വായ്പ നൽകുന്നതിന് പാലിക്കപ്പെടുന്ന മാനദണ്ഡങ്ങൾ പ്രകാരം ടി.ബി.എഫ്. തുകയുടെ 80% (തൊഴിലാളികളുടെ ആകെ വായ്പാ തുക മറ്റു വായ്പകൾ ഉൾപ്പെടെ) ആയി നിജപ്പെടുത്തി വിദ്യാഭ്യാസ വായ്പ പരമാവധി 50,000/- രൂപ 6% പലിശ നിരക്കിൽ അനുവദിക്കാവുന്നതാണ്. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന തൊഴിലാളികളുടെ മക്കൾക്ക് അനുവദിച്ചു വരുന്ന വിദ്യാഭ്യാസ വായ്പയിൽ നിശ്ചിത തുക പരിധിയിലുള്ള ലാപ്ടോപ് വാങ്ങുന്നതിനും കൂടി നൽകുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

മേൽ ഭേദഗതിക്ക് സർക്കുലർ തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. വിദ്യാഭ്യാസ വായ്പാ വിതരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കുന്നതിന് മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഓരോരുത്തരും വീഴ്ച കൂടാതെ പാലിക്കണമെന്നും ഇതിനാൽ നിർദ്ദേശിച്ചു കൊള്ളുന്നു.

ഈ സർക്കുലർ ലഭിച്ചതിനുള്ള കൈപ്പറ്റ് രസീത് എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാരും മടക്കത്തപാലിൽ അയക്കേണ്ടതാണ്. കൂടാതെ സബ് ഓഫീസിലേക്ക് സർക്കുലർ കോപ്പി ജില്ലാ ഓഫീസിൽ നിന്നും അയച്ചു നൽകി പ്രസ്തുത വിവരം കൂടി അറിയിക്കേണ്ടതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (I/c)

സ്വീകർത്താവ്

എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്കും, ജില്ലാ സെക്രട്ടറി, ഫിനാൻസ് ഓഫീസർ, സെക്രട്ടറി, അക്കൗണ്ട്സ് ഓഫീസർമാർ.

പകർപ്പ്

ബോർഡ് ഓഫീസിലെ എല്ലാ സൂപ്രണ്ടുമാർക്കും, എഫ്2 സെക്ഷൻ, സ്റ്റോക്ക് ഫയൽ.

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്